**കരട്**
**(ഉദ്ധരണി പാടില്ല)**

# ജാഗ്രതാസമിതികളും
# തദ്ദേശഭരണസ്ഥാപനങ്ങളും

**പരിശീലന മൊഡ്യൂൾ**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ-680 581

ഏപ്രിൽ 2017

**Jagrathasamithikalum**
**Thadhesabharanasthapanangalum**

**Training Programme for Jagratha Samithi Members**

## Training Module

Course Director
**Dr. Peter M. Raj**
Associate Professor, KILA

Course Co-ordinator & Module Preparation
**Sri. K. Gopalakrishnan**
Extension Faculty, KILA

Assistant Coordinator
**Rima Jose**
Training Associate, KILA

D.T.P
Srilatha.S, Vinitha Ravi

Published by:
Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur–680581
Ph. 2200244, 2207087 (Office)
0487-2201312 (Director)
0487-2201062 (Fax)
ഇമെയിൽ: kilathrissur@gmail.com
വെബ്സൈറ്റ് : www.kila.ac.in

Layout & Cover
Rajesh Thanikudam

Printed at
Co-operative Press
Mulamkunnathukavu, 2200391, 9895566621
April 2017

## ഉള്ളടക്കം


1. ആമുഖം 5

2. കാര്യപരിപാടി 13

3. സെഷൻ പ്ലാൻ, അവതരണക്കുറിപ്പ്, ഉപാധികൾ

സെഷൻ–1 കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ 17

സെഷൻ–2 സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ 23

സെഷൻ–3 ജാഗ്രതാ സമിതി– ഘടന, അംഗങ്ങൾ, രൂപീകരണം 33

സെഷൻ–4 ജാഗ്രതാ സമിതികൾ– ചുമതലകൾ, ഉത്തരവാദിത്തങ്ങൾ, പ്രവർത്തനരീതി 38

സെഷൻ–5 ജാഗ്രതാ സമിതി– പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ 42

# ആമുഖം

## 1. പശ്ചാത്തലം

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും ദിനംപ്രതി വർദ്ധിച്ചു വരികയാണ്. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്രസഭ തന്നെ നടത്തിയിട്ടുള്ള അന്തർദേശീയ അവകാശസംരക്ഷണ പ്രഖ്യാപനങ്ങൾ ഉണ്ടായിരിക്കുകയും നമ്മുടെ രാജ്യവും അവയിൽ ഒപ്പ് വച്ച് അംഗീകരിക്കുകയും ചെയ്തിട്ടും അവരുടെ ജീവിക്കാനുള്ള അവകാശം പോലും പലപ്പോഴും സംരക്ഷിക്കപ്പെടുന്നില്ല. നീതി എല്ലാവർക്കും അവകാശപ്പെട്ടതായിട്ടും, സ്ത്രീകൾക്കും കുട്ടികൾക്കും നീതി ഉറപ്പാക്കുന്നതിനായി പ്രത്യേക വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾച്ചേർക്കുകയും ഒട്ടേറെ പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടും അവർക്ക് പലപ്പോഴും നീതി നിഷേധിക്കപ്പെടുന്നു. സ്ത്രീകളും കുട്ടികളും നിരന്തരം അവകാശലംഘനങ്ങൾക്കും നീതി നിഷേധങ്ങൾക്കും അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന ഒരു സാഹചര്യം ഒരു ജനാധിപത്യ ഭരണവ്യവസ്ഥയ്ക്ക് ഭൂഷണമല്ല. പുരോഗതി നേടിയ സമൂഹം എന്ന പ്രഖ്യാപനത്തിന് യോജിച്ചതുമല്ല.

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുള്ളതുപോലെയുള്ള ഉത്തരവാദിത്തം ശക്തമായ പ്രാദേശികഭരണവ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമുണ്ട്. ഒരുപക്ഷെ അവർക്കായി പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതൊഴികെ മറ്റെല്ലാ കാര്യത്തിലും അവർക്കുവേണ്ടി ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കായിരിക്കും. ജാഗ്രതാസമിതി സംവിധാനം കാര്യക്ഷമമാക്കി, സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വത്തിന് വേണ്ടി, പ്രാദേശിക തലത്തിൽ ഫലപ്രദമായി ഉടപെടുക എന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടത്. അതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളേയും ജാഗ്രതാസമിതികളിലെ അംഗങ്ങളേയും സജ്ജമാക്കാൻ വേണ്ടി, ഇക്കാര്യത്തിൽ അവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും അവരെ ബോധ്യപ്പെടുത്താൻ വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ പരിശീലനം. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ് ഈ പരിശീലനം നടത്തുന്നത്.

## 2. ഉദ്ദേശ്യം

1990 ൽ പാലർലിമെന്റ് പാസ്സാക്കിയ ദേശീയ വനിതാ കമ്മീഷൻ നിയമവും  തുടർന്ന് 1995 ൽ പ്രാബല്യത്തിൽ വന്ന കേരള സംസ്ഥാന വനിതാ കമ്മീഷൻ നിയമവും, സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തിനുള്ള സ്ഥാപനങ്ങളായി ഈ കമ്മീഷനുകളെ വിഭാവനം ചെയ്യുന്നു. സംസ്ഥാന വനിതാകമ്മീഷൻ അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള പ്രാദേശികതല സംവിധാനങ്ങളായി ജാഗ്രതാസമിതികൾ ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത് -നഗരസഭാതലത്തിലും

വാർഡ്തലത്തിലും രൂപീകരിച്ച് പ്രവർത്തിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ട പ്രകാരം ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയും ഉത്തരവാദിത്തവുമാണ്. അപ്രകാരമുള്ള ചുമതലയും ഉത്തരവാദിത്തവും നിറവേറ്റാൻ അവയെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിശീലനപരിപാടിയുടെ ഉദ്ദേശ്യം.

## 3. പരിശീലന ലക്ഷ്യങ്ങൾ

- പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ, സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിന്, കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള ചുമതലയും ഉത്തരവാദിത്തവും വിശദീകരിക്കാൻ കഴിയുക.
- കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, അവർ നേരിടുന്ന പ്രശ്നങ്ങൾ എന്നിവയും അതിനിടയാക്കുന്ന കാരണങ്ങളും വിശദമാക്കാൻ കഴിയുക.
- സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പ്രഖ്യാപനങ്ങളും ഉടമ്പടികളും ചൂണ്ടിക്കാട്ടാൻ കഴിയുക.
- സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തിനായുള്ള പ്രധാന നിയമവ്യവസ്ഥകൾ, നയപ്രഖ്യാപനങ്ങൾ എന്നിവ വിവരിക്കാൻ കഴിയുക.
- ജാഗ്രതാസമിതികളുടെ പ്രാധാന്യം, ഘടന, രൂപീകരണം എന്നിവ മനസ്സിലാക്കി അതാത് തലങ്ങളിൽ ശക്തമായ ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാൻ വേണ്ട ഇടപ്പെടലുകൾ എങ്ങനെ നടത്തണമെന്ന് വ്യക്തമാക്കാൻ കഴിയുക.
- വാർഡ്തലം മുതൽ ജില്ലാതലം വരെയുള്ള ജാഗ്രതാസമിതികളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കി അപ്രകാരമുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും നിറവേറ്റാൻ എങ്ങനെ ഫലപ്രദമായി ഇടപെടാമെന്ന് തിരിച്ചറിയുക.
- സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണക്കവചമായി വാർഡ്തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും ജാഗ്രതാസമിതികൾക്ക് എങ്ങനെയെല്ലാം പ്രവർത്തിക്കാൻ കഴിയുമെന്ന് വിശദീകരിക്കാൻ കഴിയുക.
- സ്ത്രീകളും കുട്ടികളും പ്രശ്നങ്ങൾ നേരിടുമ്പോൾ അവരെ സഹായിക്കുന്നതിനായുള്ള ജാഗ്രതാസമിതികളുടെ ഇടപെടൽ സാധ്യതകൾ വിവരിക്കാൻ കഴിയുക.
- സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തിനായി നീതിന്യായ സംവിധാനം, പോലീസ്, സാമൂഹ്യനീതിവകുപ്പ്, ആരോഗ്യവകുപ്പ്, വനിതാകമ്മീഷൻ, ബാലാവകാശ സംരക്ഷണ കമ്മീഷൻ മുതലായവയെ ജാഗ്രതാസമിതികൾക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വിവരിക്കാൻ കഴിയുക.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ, പീഡനങ്ങൾ, അവകാശലംഘനങ്ങൾ, നീതിനിഷേധങ്ങൾ എന്നിവ ഉണ്ടായാൽ അതിന് വിധേയരാകുന്നവരുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കുന്നതിനും അതിന് ഉത്തരവാദികളാകുന്നവർക്കെതിരെ

നടപടികളെടുക്കുന്നതിനും ജാഗ്രതാസമിതികൾ എങ്ങനെ പ്രവർത്തിക്കണമെന്ന് പറയാൻ കഴിയുക.

- പരാതിപരിഹാര രീതികളും അതിന് സ്വീകരിക്കേണ്ട സമീപനവും വിവരിക്കാൻ കഴിയുക.

## 4. പരിശീലന വിഷയങ്ങൾ

താഴെപ്പറയുന്നവയാണ് ഈ പരിശീലന പരിപാടിയിലെ പരിശീലന വിഷയങ്ങൾ

1. കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, പ്രശ്നങ്ങൾ
2. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള പ്രധാന നിയമ വ്യവസ്ഥകൾ
3. ജാഗ്രതാസമിതി-പ്രസക്തി, ഘടന, അംഗങ്ങൾ, രൂപീകരണം
4. വാർഡ്തല-തദ്ദേശഭരണസ്ഥാപനതല-ജില്ലാതല ജാഗ്രതാസമിതികൾ: ചുമതലകൾ, ഉത്തരവാദിത്തങ്ങൾ, പ്രവർത്തനരീതി
5. ജാഗ്രതാസമിതികളിൽ പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ, തുടർനടപടികൾ
6. ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള കർമ്മപരിപാടി തയ്യാറാക്കൽ

## 5. പരിശീലന രീതി

പങ്കാളിത്തപഠനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പരിശീലന രീതിക്കാണ് രൂപം നൽകിയിട്ടുള്ളത്. ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പ്ലീനറി റിപ്പോർട്ടിംഗ്, നിയന്ത്രിത വായന, കേസ് സ്റ്റഡി, ചർച്ച, റോൾപ്ലേ, വീഡിയോ പ്രദർശനം എന്നിങ്ങനെയുള്ള പങ്കാളിത്ത പഠന രീതികളിലൂടെയാണ് സെഷനുകൾ അവതരിപ്പിക്കപ്പെടുന്നത്.

## 6. പരിശീലന ദൈർഘ്യം

രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 5 മണിക്ക് അവസാനിക്കുംവിധമുള്ള ഏകദിന പരിശീലനത്തിനാണ് രൂപം നൽകിയിട്ടുള്ളത്.

## 7. പരിശീലനപങ്കാളികൾ, വേദികൾ, ബാച്ചുകൾ

### (എ) പരിശീലനപങ്കാളികൾ

i. ഗ്രാമപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുഴുവൻ ജനപ്രതിനിധികൾ (ഇവരെല്ലാം അതാത് വാർഡ്തല ജാഗ്രതാസമിതിയുടെ ചെയർമാന്മാരാണ്)

ii. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പേഷൻ എന്നിവിടങ്ങളിലെ ജാഗ്രതാ സമിതികളിലെ മുഴുവൻ അംഗങ്ങൾ

iii. ജില്ലാതല ജാഗ്രതാ സമിതി അംഗങ്ങൾ

**(ബി) വേദികൾ**

i. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പങ്കെടുക്കുന്നവർക്കുള്ള പരിശീലനവേദി, അതത് പ്രദേശത്ത് ലഭ്യമാകുന്ന അനുയോജ്യമായ ബ്ലോക്ക് പഞ്ചായത്ത് ഹാൾ/മുനിസിപ്പാലിറ്റി ഹാൾ ആയിരിക്കും.

ii. മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്ന് പങ്കെടുക്കുന്നവർക്കുള്ള പരിശീലനവേദി അതത് മുനിസിപ്പൽ കോർപ്പറേഷൻ ഹാൾ തന്നെയായിരിക്കും.

iii. ജില്ലതല ജാഗ്രതാസമിതി അംഗങ്ങൾക്കുള്ള പരിശീലനം കിലയിൽ വച്ചായിരിക്കും നടത്തുക.

**(സി) ബാച്ചുകൾ**

i. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പങ്കെടുക്കേണ്ടവർക്കായി ബ്ലോക്ക്തലത്തിൽ ശരാശരി 2 ബാച്ച് വീതം പരിശീലനം.

ii. ജില്ലാ ജാഗ്രതാ സമിതി അംഗങ്ങൾക്കായി സംസ്ഥാനാടിസ്ഥാനത്തിൽ രണ്ട് ബാച്ച് പരിശീലനം

iii. മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ളവർക്കായി 6 ബാച്ച് പരിശീലനം

**(ഡി). പങ്കാളികൾ,വേദികൾ,ബാച്ചുകൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.**

| ക്രമനമ്പർ | ദ്ദേശഭരണ സ്ഥാപനം/തലം | പങ്കെടുക്കേണ്ടവരുടെ എണ്ണം | | |
|---|---|---|---|---|
| | | ജനപ്രതിനിധികൾ | ജാഗ്രതാസമിതി അംഗങ്ങൾ | ആകെ |
| 1 | ഗ്രാമപഞ്ചായത്ത് | 15962 | 7X941 = 6587 | 22549 |
| 2 | ജില്ലാതലം | --- | 12X14 = 168 | 168 |
| 3 | മുനിസിപ്പാലിറ്റി | 3122 | 8X87 = 696 | 3818 |
| 4 | മുനിസിപ്പൽ കോർപ്പറേഷൻ | 414 | 8X6 = 48 | 462 |
| | **ആകെ** | **19498** | **7499** | **26997** |

മൊത്തം 26997 പേർക്കുള്ള പരിശീലനം താഴെപ്പറയും പ്രകാരം 312 ബാച്ചുകളിലായി നടത്തുന്നതാണ്.

i. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പങ്കെടുക്കേണ്ടവർക്കായി ഓരോ ബ്ലോക്കിലും (തൊട്ടടുത്ത മുനിസിപ്പാലിറ്റിയിലുള്ളവർക്ക് ഉൾപ്പെടെ)

ശരാശരി 2 ബാച്ച് വീതം

ഓരോ ബാച്ചിലും ശരാശരി -85 പേർ

ആകെ ബാച്ചുകൾ (ഏകദേശം) - 152 X 2 = 304

ആകെ പങ്കെടുക്കേണ്ടവർ (ഏകദേശം) - 304 X 85 = 25840

ii. ജില്ലാ ജാഗ്രതാസമിതി അംഗങ്ങൾക്ക് വേണ്ടി കിലയിൽ വച്ച് പരിശീലനം (ദ്വിദിനം)

ആകെ ബാച്ചുകൾ - 2

ആകെ പങ്കെടുക്കേണ്ടവർ - 84 X 2 = 168

iii. മുനിസിപ്പൽ കോർപ്പറേഷനിലുള്ളവർക്ക് വേണ്ടിയുള്ള പരിശീലനം - അതത് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ വച്ച്

ആകെ ബാച്ചുകൾ - 6

## 8. പരിശീലന സമയക്രമം

i). ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ളവർക്കായി ബ്ലോക്ക്തലത്തിൽ 2017 ജൂൺ, ജൂലായ് മാസങ്ങളിൽ പരിശീലനം നടത്തുന്നതായിരിക്കും. (ഓരോ ജില്ലയിലേയും പരിശീലകരുടെ ലഭ്യത, ഹാൾലഭ്യത എന്നിവ കണക്കിലെടുത്ത് ഒരു ജില്ലയിൽ 2 മുതൽ 4 വരെ ബാച്ചുകളായിരിക്കും ഒരു ദിവസം നടത്തുക)

ii) ജില്ലാതല ജാഗ്രതാസമിതി അംഗങ്ങൾക്കുള്ള പരിശീലനം 2017 ജൂൺ മാസത്തിൽ നടത്തുന്നതായിരിക്കും.

iii). മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള പരിശീലനം 2017 ജൂൺ, ജൂലായ് മാസങ്ങളിലായി നടത്തുന്നതായിരിക്കും.

## 9. പരിശീലകർ

കിലയിൽ വച്ച് നടത്തുന്ന ദ്വിദിന പരിശീലക പരിശീലനത്തിൽ പങ്കെടുത്ത് അതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരും( അവർ നടത്തുന്ന അവതരണം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ) മാസ്റ്റർ ട്രെയ്നർമാരും ആയിരിക്കും ഈ പരിശീലന പരിപാടിയിലെ പരിശീലകർ. സാമൂഹ്യനീതി വകുപ്പിൽ നിന്നും ഈ പരിശീലനത്തിൽ പരിശീലകരാകാൻ ഉദ്ദേശിക്കുന്നവരെ, പരിശീലക പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നിർദ്ദേശിക്കുന്നതാണ്.

## 10. കൈപുസ്തകങ്ങൾ

i). പരിശീലനത്തിൽ പങ്കെടുക്കുന്ന മുഴുവൻ പേർക്കും കൂടാതെ പരിശീലകർക്കും, 'ജാഗ്രതാസമിതികളും തദ്ദേശഭരണസ്ഥാപനങ്ങളും' എന്ന കൈപുസ്തകം കില തയ്യാറാക്കി നൽകുന്നതാണ്.

ii). പരിശീലന മൊഡ്യൂൾ തയ്യാറാക്കി മുഴുവൻ പരിശീലകർക്കും നൽകുന്നതാണ്.

## 11. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കുള്ള അിറയിപ്പ് നൽകൽ

പരിശീലനത്തിലെ പങ്കാളിത്തം ഉറപ്പാക്കാനായി താഴെപ്പറയംവിധം അിറയിപ്പുകൾ നൽകുന്നതാണ്.

i. പരിശീലനത്തിന് വരുന്നതിനു മുമ്പായി ജാഗ്രതാസമിതികൾ യോഗം ചേർന്ന് പ്രവർത്തന വിലയിരുത്തൽ നടത്തി (ജാഗ്രതാസമിതികൾ പുന:സംഘടിപ്പിച്ചിട്ടില്ലെങ്കിൽ പുന:സംഘടിപ്പിച്ച് ശേഷം യോഗം ചേർന്ന്) റിപ്പോർട്ട് സഹിതം വരേണ്ടതുണ്ടെന്നുള്ള പ്രാഥമിക അറിയിപ്പ് ഇ-മെയിൽ മുഖേന എല്ലാ തദ്ദേശഭരണസ്താപനങ്ങൾക്കും കിലയിൽ നിന്ന് 2017 ഏപ്രിൽ മാസത്തിൽ നൽകുന്നതാണ്.

ii. പരിശീലന തീയതി, വേദി എന്നിവ അറിയിച്ചുകൊണ്ടുള്ള കത്ത് ഇ-മെയിൽ മുഖേന കിലയിൽ നിന്ന് വീണ്ടും നൽകുന്നതാണ്.

iii. സാമൂഹ്യനീതി വകുപ്പിന്റെ ജില്ലാ ഓഫീസർമാർ മുഖേന പരിശീലനത്തിൽ പങ്കെടുക്കേണ്ട എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും തപാൽ മുഖേന കത്ത് അയക്കുകയും കൂടാതെ സാമൂഹ്യവകുപ്പിലെ അതത് തലങ്ങളിലെ ഉദ്യോഗസ്ഥർ മുഖേന ഓരോ തദ്ദേശഭരണസ്ഥാപനത്തേയും നേരിൽ അറിയിക്കുന്നതുമാണ്

iv. ഈ പരിശീലന പരിപാടിയുടെ ബ്ലോക്ക്തല ചുമതലക്കാർ, പരിശീലകർ എന്നിവർ മുഖേന അതത് പ്രദേശത്തെ തദ്ദേശഭരണസ്ഥാപനങ്ങളെ നേരിലും ഫോൺ മുഖേനയും അറിയിക്കുന്നതാണ്

## 12. റിപ്പോർട്ടിംഗ്

ഓരോ പരിശീലന ബാച്ചിനും ബ്ലോക്കിനും ചുമതലക്കാരുണ്ടായിരിക്കുന്നതാണ്. ബാച്ച് ചുമതലക്കാരൻ നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പരിശീലന റിപ്പോർട്ട് ബന്ധപ്പെട്ട മറ്റ് രേഖകൾ സഹിതം പരിശീലനം നടന്ന അന്നു തന്നെയോ തൊട്ടടുത്ത ദിവസമോ ബ്ലോക്ക് ചുമതലക്കാരന് നൽകണം. ബ്ലോക്കിലെ പരിശീലനം തീർന്നാൽ ബാച്ച്തല റിപ്പോർട്ടുകളും രേഖകളും, കൂടാതെ നിശ്ചിത ഫോറത്തിൽ ബ്ലോക്ക് ചുമതലക്കാരൻ തയ്യാറാക്കിയ ക്രോഡീകൃത റിപ്പോർട്ടും തൊട്ടടുത്ത ദിവസം ജില്ലാ ചുമതലക്കാരനെ ഏല്പിക്കണം. ജില്ലാ ചുമതലക്കാരൻ ജില്ലയിലെ പരിശീലനം അവസാനിച്ചാൽ ഒരാഴ്ച്ചക്കകം ബ്ലോക്ക് ചുമതലക്കാരിൽ നിന്നും ലഭിച്ച മുഴുവൻ റിപ്പോർട്ടുകളും രേഖകളും, കൂടാതെ നിശ്ചിത ഫോറത്തിൽ ജില്ലാ ചുമതലക്കാരൻ തയ്യാറാക്കിയ ജില്ലാതല ക്രോഡീകൃത റിപ്പോർട്ടും കിലയിൽ ഏൽപ്പിക്കണം. ഓരോ ബാച്ച് പരിശീലനം നടക്കുമ്പോഴും പരിശീലന ദിവസം ഉച്ചക്ക് മുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം എസ്.എം.എസ് മുഖേന (Date, Venue, No.of Participants എന്നിവ) ബാച്ച് ചുമതലക്കാരൻ കിലയിൽ (ഫോൺ നം.8943338328) അറിയിക്കണം.

## 13. പരിശീലനം വിലയിരുത്തൽ

i. പരിശീലന സംഘാടനം നടത്തിപ്പ് എന്നിവയും ക്ലാസ്സുകളും വിലയിരുത്തുന്നതിനായി പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വിലയിരുത്തൽ ഫോറം നൽകുന്നതും ബാച്ച് ചുമതലക്കാരൻ പരിശീലനാവസാനം അവ എഴുതി വാങ്ങിച്ച് ബ്ലോക്ക് ചുമതലക്കാരനെ ഏല്പ്പിക്കേണ്ടതുമാണ്.

ii. പരിശീലനകേന്ദ്രം ചുമതലക്കാരൻ/ബ്ലോക്ക് ചുമതലക്കാരൻ പരിശീലനത്തിൽ ആദ്യാവസാനം പങ്കെടുക്കേണ്ടതും അങ്ങനെ പങ്കെടുത്ത ശേഷം നിശ്ചിത ഫോറത്തിൽ പരിശീലന വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ചുമതലക്കാരനെ ഏല്പിക്കേണ്ടതുമാണ്.

(ജില്ലയിലെ മുഴുവൻ പരിശീലന ബാച്ചുകളിൽ നിന്നും ലഭിച്ച പരിശീലനാർത്ഥികളുടെ വിലയിരുത്തൽ റിപ്പോർട്ടുകളും പരിശീലന കേന്ദ്രത്തിന്റെ ചുമതലക്കാർ തയ്യാറാക്കിയിട്ടുള്ള വിലയിരുത്തൽ റിപ്പോർട്ടുകളും ജില്ലാ ചുമതലക്കാരൻ കിലയിൽ ഏല്പിക്കേണ്ടതാണ്.)

iii. ഓരോ ജില്ലയിലെയും പരിശീലനം അവസാനിച്ച ശേഷം ജില്ലാതലത്തിൽ ഒരു വിലയിരുത്തൽ യോഗം ചേർന്ന് ജില്ലയിൽ നടന്ന പരിശീലനം വസ്തുനിഷ്ഠമായ വിലയിരുത്തലിന് വിധേയമാക്കി റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

iv. മുഴുവൻ വിലയിരുത്തൽ റിപ്പോർട്ടുകളും കിലയിൽ വിലയിരുത്തുകയും കൂടാതെ പരിശീലനങ്ങൾ മുഴുവൻ അവസാനിച്ചശേഷം പ്രത്യേക യോഗം ചേർന്ന് പരിശീലനവിലയിരുത്തൽ കില നടത്തുന്നതുമാണ്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ-680 581

**തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും തദ്ദേശഭരണസ്ഥാപനതല ജാഗ്രതാ സമിതി അംഗങ്ങൾക്കുമുള്ള ഏകദിന പരിശീലനം**

തീയതി:.....................  വേദി: ......................................

**കോഴ്സ് ഡയറക്ടർ** : ഡോ. പീറ്റർ എം രാജ് (അസിസ്റ്റന്റ് പ്രൊഫസർ, കില)

**കോ-ഓർഡിനേറ്റർമാർ** : ശ്രീ. കെ ഗോപാലകൃഷ്ണൻ (എക്സ്റ്റൻഷൻ ഫാക്കൽട്ടി, കില)

**അസി. കോ-ഓർഡിനേറ്റർ** : ശ്രീമതി. റിമ ജോസ് (ട്രെയിനിംഗ് അസോസിയേറ്റ്, കില)

### കാര്യപരിപാടി

| | | |
|---|---|---|
| 09.30 – 10.00 A.M | : | രജിസ്ട്രേഷൻ |
| 10.00 – 10.20 A.M | : | ഉദ്ഘാടന സെഷൻ |
| 10.20 – 11.20 A.M | : | സെഷൻ 1: കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ |
| 11.20 – 11.30 A.M | : | ചായ |
| 11.30 – 12.30 P.M | : | സെഷൻ 2: സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ |
| 12.30– 01.15 P.M | : | സെഷൻ 3: ജാഗ്രതാ സമിതി- ഘടന, അംഗങ്ങൾ, രൂപീകരണം |
| 01.15 – 02.00 P.M | : | ഉച്ചഭക്ഷണം |
| 02.00 – 02.40 P.M | : | സെഷൻ 4: ജാഗ്രതാ സമിതികൾ- ചുമതലകൾ, ഉത്തരവാദിത്തങ്ങൾ, പ്രവർത്തനരീതി |
| 02.40 – 03.40 P.M | : | സെഷൻ 5: ജാഗ്രതാ സമിതി- പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ |
| 03.40 – 03.55 P.M | : | ചായ |
| 03.55 – 04.25 P.M | : | സെഷൻ 6: കർമ്മപരിപാടി തയ്യാറാക്കൽ |
| 04.25 – 04.45 P.M | | പരിശീലന പരിപാടി വിലയിരുത്തൽ |
| 04.45 – 05.00 P.M | : | സമാപനം |

**സെഷൻ പ്ലാൻ**

**അവതരണക്കുറിപ്പ്**

**ഉപാധികൾ**

## സെഷൻ – 1

**1. വിഷയം** : കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ

**2. ലക്ഷ്യങ്ങൾ:**

1) കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ, പദവി, അവർ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ വിശദീകരിക്കാൻ കഴിയുക
2) കേരളത്തിലെ കുട്ടികളുടെ അവസ്ഥയും അവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ, പീഢനങ്ങൾ എന്നിവയും വിവരിക്കാൻ കഴിയുക
3) കുട്ടികളുടെ അവകാശങ്ങൾ, സമഗ്ര വികസനം, സമഗ്ര വികസനത്തിനായുള്ള ഇടപെടലിന്റെ ആവശ്യകത എന്നിവ വിവരിക്കാൻ കഴിയുക
4) കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കാരണങ്ങൾ എന്നിവ വിവരിക്കാൻ കഴിയുക
5) സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കുള്ള സംവിധാനം ഏതെല്ലാമെന്ന് പറയാൻ കഴിയുക

**3. വേദ** : **പൊതുവേദി**

**4. സമയം** : **60 മിനുട്ട്**

**5. ഉള്ളടക്കവും പഠനരീതിയും:**

| ക്രമ നമ്പർ | ഉള്ളടക്കം | സമയം (മിനിറ്റ്) | പഠന രീതി | ഉപാധി |
|---|---|---|---|---|
| 1. | സ്ത്രീകളുടെ അവസ്ഥയും പദവിയും സുസ്ഥിരവികസന ലക്ഷ്യങ്ങളും | 5 | ബ്രെയിൻ സ്റ്റോമിംഗ്, സ്ലൈഡ് വായന, ക്രോഡീകരണം | സ്ലൈഡ് 2 |
| 2. | സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ | 8 | വീഡിയോ ക്ലിപ്പിംഗ് പ്രദർശനം, ചർച്ച, ക്രോഡീകരണം (1) | വീഡിയോ ക്ലിപ്പിംഗ് – 1, 2, 3<br>സ്ലൈഡ് 3 |
| 3. | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, പീഢനങ്ങൾ, കുറ്റകൃത്യങ്ങൾ | 3 | അവതരണം, ചർച്ച | സ്ലൈഡ്– 4, 5 |
| 4. | സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ | 5 | ചർച്ച, ക്രോഡീകരണം | സ്ലൈഡ്– 6<br>ചാർട്ട് പേപ്പർ, പേന |
| 5. | കുട്ടികൾ– കാഴ്ചപ്പാട്, സമീപനം | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ്– 7 |
| 6. | കുട്ടികളും അവകാശങ്ങളും | 3 | സ്ലൈഡ് വായന<br>ചർച്ച, ക്രോഡീകരണം | സ്ലൈഡ്– 8 |

| | | | | |
|---|---|---|---|---|
| 7. | സമഗ്രവികസന സമീപനം | 3 | സ്ലൈഡ് വായന<br><br>ചർച്ച, ക്രോഡീകരണം | സ്ലൈഡ്- 9, 10 |
| 8. | കുട്ടികൾ നേരിടുന്ന രണ്ടാംതലമുറ പ്രശ്നങ്ങൾ | 5 | വീഡിയോ ക്ലിപ്പിംഗ് പ്രദർശനം, ചർച്ച (1) | വീഡിയോ 4, 5<br>സ്ലൈഡ്- 11 |
| 9. | പ്രത്യേക പരിഗണ ആവശ്യമായ കുട്ടി കൾ | 5 | സ്ലൈഡ് വായന,<br><br>ക്രോഡീകരണം | സ്ലൈഡ്- 12, 13, 14 |
| 10 | കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പീഡനങ്ങൾ | 5 | സ്ലൈഡ് വായന<br><br>ചർച്ച | സ്ലൈഡ്- 15, 16 |
| 11 | കുട്ടികൾ നേരിടുന്ന പ്രശ്ന ങ്ങൾക്കുള്ള കാരണങ്ങൾ | 5 | പങ്കാളിത്ത ചർച്ച ക്രോഡീകരണം | സ്ലൈഡ്- 17<br>ചാർട്ട് പേപ്പർ, പേന |
| 12 | സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ | 5 | സ്ലൈഡ് വായന (2) | സ്ലൈഡ്- 18,19, 20 |
| 13 | ജനപ്രതിനിധികൾ, ജാഗ്രതാസമിതി- എന്ത് ചെയ്യാം? | 5 | പങ്കാളിത്ത ചർച്ച ക്രോഡീകരണം | സ്ലൈഡ്- 21<br><br>ചാർട്ട് പേപ്പർ, പേന |

കുറിപ്പ്

(1) വീഡിയോ പ്രദർശനത്തിലൂടെ തന്നെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നതിനാൽ അത് സംബന്ധിച്ച് കൂടുതൽ ചർച്ചയോ വിശദീകരങ്ങളോ ആവശ്യമില്ല. ഒന്നോ രണ്ടോ മിനുട്സിൽ ചർച്ചയും ക്രോഡീകര ണവും അവസാനിപ്പിക്കണം.

(2) മൂന്ന് സ്ലൈഡുകളും പഠിതാക്കളിൽ ഓരോരുത്തരോട് വായിക്കാൻ ആവശ്യപ്പെടുക. അവർ വായിച്ചാൽ മതി. വിശദീകരണം നൽകേണ്ടതില്ല. കൈപ്പുസ്തകത്തിൽ കൂടുതൽ വിവരങ്ങൾ ഉണ്ടെന്ന് പറയുക

- **പഠന**രീതി, സ്ലൈഡ് വായന ചർച്ച എന്ന് പറഞ്ഞിട്ടുള്ളിടത്തെല്ലാം പഠിതാക്കളിൽ ഒരാളെക്കൊണ്ട് സ്ലൈഡ് വായിപ്പിക്കുകയാണ് ചെയ്യേണ്ടത്. വിശദീകരണം നൽകേണ്ടതില്ല.
- സമയനിഷ്ഠ പാലിക്കണം. കൂടുതൽ ചോദ്യങ്ങളുണ്ടായാൽ കൈപ്പുസ്തകം/ബന്ധപ്പെട്ട ഉത്തരവ്/ചട്ടം/രേഖ നോക്കുവാൻ പറയുക.

## സെഷൻ-1

## കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, പ്രശ്നങ്ങൾ

### കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയും പദവിയും

- സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം
- സ്ത്രീകളുടെ കുറഞ്ഞ സ്വത്തുടമസ്ഥത
- സ്ത്രീകളുടെ കുറഞ്ഞ രാഷ്ട്രീയാധികാരം
- കൂടിയ രോഗാതുരത, ജീവിതശൈലീരോഗങ്ങൾ
- കൂടിയ ആയുർദൈർഘ്യ പ്രശ്നങ്ങൾ
- വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ

സുസ്ഥിര വികസന ലക്ഷ്യങ്ങളും സ്ത്രീകളും
(Sustainable Development Goals And Women)

### സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

വീഡിയോ ക്ലിപ്പിംഗ്

### സ്ത്രീകൾക്കെതിരായ പീഡനങ്ങൾ, അതിക്രമങ്ങൾ, കുറ്റകൃത്യങ്ങൾ (കേരളം,ഇന്ത്യ)

| വർഷം | കുറ്റകൃത്യങ്ങളുടെ എണ്ണം | |
|---|---|---|
| | കേരളം | ഇന്ത്യ |
| 2009 | 9354 | 203804 |
| 2010 | 10784 | 213585 |
| 2011 | 13279 | 225650 |
| 2012 | 13002 | 244270 |
| 2013 | 13238 | 309546 |
| 2014 | 13880 | 337922 |
| 2015 | 12383 | 327394 |
| 2016 | 14061 | ------ |

പ്രധാനപ്പെട്ടവ: ഭർത്താവിൽ നിന്നോ, ഭർതൃവീട്ടിൽ നിന്നോ ഉള്ള അതിക്രമങ്ങൾ പീഡനങ്ങൾ, ബലാത്സംഗം, തട്ടികൊണ്ടുപോകൽ

### പ്രായഘട്ടവും അതിക്രമങ്ങളും

| പ്രായഘട്ടം | അതിക്രമത്തിന്റെ തരം |
|---|---|
| ജനനത്തിന് മുമ്പ് | പെൺഭ്രൂണഹത്യ, നിർബന്ധിത ഗർഭധാരണം,ഗർഭിണിയായിരിക്കുമ്പോഴുള്ള ശാരീരിക പീഡനം |
| ശൈശവം | പെൺശിശുഹത്യ, ശാരീരിക-മാനസിക പീഡന, ബാലവേല |
| ബാല്യം (ChildHood) | ബാല്യവിവാഹം, ശാരീരിക പീഡനം, ജനിതക ഭാഗങ്ങൾ മുറിച്ചു മാറ്റൽ, സ്വഭവനത്തിൽ നിന്നുള്ള അതിക്രമം പീഡനം, ബാലവേല |
| കൗമാരം | ലൈംഗികാതിക്രമം, ജോലി സ്ഥലത്തെ പീഡനം, ബലാത്സംഗം, തട്ടികൊണ്ട് പോകൽ, സ്വഭവനത്തിൽ നിന്നുമുള്ള അതിക്രമം പീഡനം, ബാലവേല |
| യൗവനം (പ്രത്യുൽപാദനകാലഘട്ടം) | ശാരീരിക മാനസിക പീഡനം, ലൈംഗികാതിക്രമം, നിർബന്ധിത ഗർഭധാരണം, ഗർഭഛിദ്രം, വിധവകളോടുള്ള പീഡനം, സ്വത്ത് തട്ടിയെടുക്കൽ |
| മുതിർന്ന സ്ത്രീകൾ | വിധവകളോടുള്ള ശാരീരിക-മാനസിക പീഡനം, സ്വത്ത് തട്ടിയെടുക്കൽ, ഒറ്റപ്പെടുത്തൽ, കുടുംബത്തിലെ ചെറുപ്രായക്കാരുടെ പീഡനം, വിവേചനം, അവഗണന, വൃദ്ധസദനങ്ങളിലെ അതിക്രമങ്ങൾ |

### സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ

?


## കുട്ടികൾ: കാഴ്ച്ചപ്പാട്, സമീപനം

- രാഷ്ട്രത്തിന്റെ അമൂല്യസമ്പത്ത്
- കുട്ടികൾക്ക് വേി ചെയ്യുന്നത്-ഭാവിയിലേക്കുള്ള നിക്ഷേപം
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം
- കുട്ടികൾക്ക് അനുയോജ്യമായ ലോകം
- കുട്ടികളുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന

## കുട്ടികളുടെ അവകാശങ്ങൾ

ജീവിതചക്രം

- അതിജീവനം
- വികസനം
- പങ്കാളിത്തം
- സംരക്ഷണം



## സമഗ്ര വികസന സമീപനം

- ഗർഭാവസ്ഥ മുതൽ 18 വയസ്സ് വരെ
- എല്ലാ വിഭാഗങ്ങളുടേയും അവകാശ സംരക്ഷണം
- കുട്ടികളുടേയും ആവശ്യനിർവ്വഹണം
- പ്രത്യേക പരിരക്ഷ വേവർക്ക് പരിരക്ഷ
- എല്ലാ വികസന മേഖലകളും കുട്ടികൾക്ക് സൗഹൃദമാക്കൽ
- അവകാശസംരക്ഷണം സമീപനം
- ജീവിതചക്ര സമീപനം
- പഞ്ചായത്ത്തല അവകാശരേഖ

## എന്തുകൊണ്ട് സമഗ്രസമീപനം?

- ബഹുമുഖ പ്രശ്നങ്ങൾ
- ബഹുമുഖ ഇടപെടൽ ആവശ്യം
- ഏകോപിത പ്രവർത്തനങ്ങൾ ആവശ്യം
- ശിശുവികസന മാനേജ്മെന്റ്
- ശിശുസൗഹൃദ പഞ്ചായത്ത്/നഗരസഭ

## കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

വീഡിയോ ക്ലിപ്പിംഗ്

## കുട്ടികൾ നേരിടുന്ന രാണ്ടാം തലമുറ പ്രശ്നങ്ങൾ

- രക്ഷിതാക്കളുടെ മദ്യപാനം
- മാനസിക ആരോഗ്യ കുറവ്
- ആത്മഹത്യപ്രവണത
- മദ്യപാന - മയക്കുമരുന്ന് ഉപയോഗം
- സൈബർ ക്രൈം
- ജീവിതശൈലീ രോഗങ്ങൾ
- മാലിന്യപ്രശ്നങ്ങൾ
- അണുകുടുംബപ്രശ്നങ്ങൾ
- അന്യസംസ്ഥാനത്തൊഴിലാളികളുടെ കുട്ടികൾ

## പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾ

- ബാലവേല ചെയ്യുന്നവർ
- തെരുവ് കുട്ടികൾ
- ബാല ഭിക്ഷാടനം നടത്തുന്നവർ
- അനാഥരായ കുട്ടികൾ
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ
- മദ്യപാനത്തിന് അടിമകളായ രക്ഷിതാക്കളുടെ കുട്ടികൾ
- അവിവാഹിതരായ അമ്മമാരുടെ കുട്ടികൾ
- ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ
- ഉപേക്ഷിക്കപ്പെട്ടവർ
- രാനമ്മ, രാനച്ഛന്റെ സംരക്ഷണത്തിൽ കഴിയുന്നവർ

## ലിംഗാനുപാത വെല്ലുവിളി

- മൊത്തം ജനസംഖ്യയിൽ → ഇന്ത്യ 943; കേരളം 1084
  - 0-6 പ്രായത്തിൽ → ഇന്ത്യ 919; കേരളം 964

ബാല്യവിവാഹങ്ങൾ

## അതിക്രമങ്ങൾ, പീഡനങ്ങൾ

- കൊലപാതകം
- ബലാത്സംഗം
- തട്ടിക്കൊണ്ടുപോകൽ
- ഭ്രൂണഹത്യ
- ആത്മഹത്യ
- ഉപേക്ഷിക്കൽ
- പെൺകുട്ടികളെ വിലക്ക് വാങ്ങൽ
- കുട്ടിക്കടത്ത്
- ബാലവിവാഹം

## കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പീഡനങ്ങൾ, കുറ്റകൃത്യങ്ങൾ (കേരളം, ഇന്ത്യ)

| വർഷം | കുറ്റകൃത്യങ്ങളുടെ എണ്ണം | |
|---|---|---|
| | കേരളം | ഇന്ത്യ |
| 2009 | 589 | 24201 |
| 2010 | 596 | 26694 |
| 2011 | 1452 | 33038 |
| 2012 | 1324 | 38172 |
| 2013 | 1877 | 58224 |
| 2014 | 2286 | 89423 |
| 2015 | 2384 | 94172 |
| 2016 | 2899 | ------- |

## കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ

**?**

## സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ

| സംവിധാനം | ആരെ/എവിടെ ബന്ധപ്പെടണം? |
|---|---|
| Women Protection Officer | ജില്ലാതല Women Protection Officer |
| സ്ത്രീധന നിരോധന ഓഫീസർ | സാമൂഹ്യക്ഷേമ ഡയറക്ടർ മേഖലാ സ്ത്രീധന നിരോധന ഓഫീസർ |
| ബാലവിവാഹ നിരോധന ഓഫീസർ | സി.ഡി.പി.ഒ |
| നിർഭയ സെൽ | ജില്ലാതല നിർഭയ സെൽ, ജാഗ്രതാസമിതി |

### സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ (തുടർച്ച..)

| സംവിധാനം | ആരെ/എവിടെ ബന്ധപ്പെടണം? |
|---|---|
| ICPS | **DCPU** |
| JJ Board | CJM |
| CWC | ജില്ലാ CWC |
| SJPU | ജില്ലയിൽ Spl.Ju.Police |
| Child line | Toll Free No-1098 |
| KELSA/DLSA | ജില്ലാതല/താലൂക്ക്തല യൂണിറ്റുകൾ |

### സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ (തുടർച്ച..)

| സംവിധാനം | ആരെ/എവിടെ ബന്ധപ്പെടണം |
|---|---|
| **OSCC** | പ്രത്യേക ഗവൺമെന്റ് ആശുപത്രികൾ |
| **Designated Police Officer (OSCC)** | ജില്ലാതലത്തിൽ |
| **Designated Government Hospitals (DV Act)** | ജില്ലാ,താലൂക്ക് ആശുപത്രികൾ |
| **Designated Gynecologist (OSCC)** | പ്രത്യേക ഗവൺമെന്റ് ആശുപത്രികളിൽ |
| ബാലാവകാശസംരക്ഷണ കമ്മീഷൻ | സംസ്ഥാന കമ്മീഷൻ |
| വനിതാ കമ്മീഷൻ | സംസ്ഥാന കമ്മീഷൻ |

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ, പീഡനങ്ങൾ

ജാഗ്രതാസമിതികൾ

?

ജനപ്രതിനിധികൾ

?

# നന്ദി

## സെഷൻ– 2

1. വിഷയം– സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ

2. ലക്ഷ്യങ്ങൾ– (1) സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായുള്ള പ്രധാന അന്താരാഷ്ട്ര ഉടമ്പടികൾ വിശദമാക്കാൻ കഴിയുക
(2) സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായുള്ള പ്രധാന ഭരണഘടനാവ്യവസ്ഥകൾ ഏതെല്ലാമെന്ന് പറയാൻ കഴിയുക
(3) സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിും ശാക്തീകരണത്തിനുമായുള്ള നയങ്ങൾ, കമ്മീഷനുകൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാൻ കഴിയുക
(4) സ്ത്രീകളേയും കുട്ടികളേയും അതിക്രമങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പ്രധാന നിയമവ്യവസ്ഥകൾ വിവരിക്കാൻ കഴിയുക

3. സമയം– 60 മിനിറ്റ്
4. വേദി– പൊതുവേദി, ഗ്രൂപ്പ് ചർച്ചക്കുള്ള വേദി
5. ഉള്ളടക്കവും പഠനരീതിയും

| ക്രമനം | ഉള്ളടക്കം | സമയം | പഠന രീതി | ഉപാധികൾ |
|---|---|---|---|---|
| 1. | സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണം–പ്രസക്തി | 3 | ബ്രെയിൻ സ്റ്റോമിംഗ് | ചാർട്ട് പേപ്പർ, പേന |
| 2. | CEDAW-UN കൺവൻഷൻ 1979, അന്താരാഷ്ട്ര പ്രഖ്യാപനം, ഉടമ്പടി രേഖ–1979.<br>നാലാമത് അന്താരാഷ്ട്ര വനിതാ സമ്മേളനം– ബയ്ജിംഗ് 1995<br>'ബയ്ജിംഗ് + 5' -2000<br>'ബയ്ജിംഗ് + 20' -2015 | 3 | പങ്കാളിത്ത അവതരണം, ചർച്ച | സ്ലൈഡ്-2 |
| 3. | സ്ത്രീകളുടെ അവകാശ സംരക്ഷണം<br>– ഭരണഘടനാവ്യവസ്ഥകൾ | 3 | സ്ലൈഡ് വായന | സ്ലൈഡ്-3,4 |
| 4. | ദേശീയ വനിതാ കമ്മീഷൻ ആക്ട് 1990<br>ദേശീയ വനിതാ കമ്മീഷൻ<br>കമ്മീഷൻ രൂപീകരണം 1992<br>ദേശീയ വനിതാ നയം 2001 | 2 | സ്ലൈഡ് വായന ചർച്ച | സ്ലൈഡ്-5 |

| | | | | |
|---|---|---|---|---|
| 5. | സംസ്ഥാന വനിതാ കമ്മീഷൻ ബിൽ 1990, നിയമം 1995<br>സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരണം-1996<br>സംസ്ഥാന വനിതാ നയം<br>2005, 2009, 2015 | 2 | പങ്കാളിത്ത അവതരണം<br>ചർച്ച | സ്ലൈഡ്-6 |
| 6. | നിയമവ്യവസ്ഥകൾ<br>(കേസ് സ്റ്റഡി ചർച്ചക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നു )<br>ഗ്രൂപ്പ് തിരിയൽ, നിർദ്ദേശങ്ങൾ നൽകൽ-3 മി<br>ഗ്രൂപ്പ് ചർച്ച-7 മി<br>റിപ്പോർട്ടിംഗ്- 8 മി<br>ക്രോഡീകരണം-2 മി | 20 | കേസ് സ്റ്റഡി-<br>പഠിതാക്കളെ 4 ഗ്രൂപ്പുകളാക്കുന്നു. ചർച്ചക്കുള്ള കുറിപ്പുകൾ നൽകുന്നു. തുടർന്ന്<br>4 ഗ്രൂപ്പുകളായി തിരിഞ്ഞ് 7 മിനിറ്റ് ചർച്ച നടത്തുന്നു. ചർച്ച ചെയ്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചാർട്ട്പേപ്പറിൽ എഴുതണം<br>തുടർന്ന് ഓരോ ഗ്രൂപ്പും (2 മിനിറ്റ്) പ്ലീനറിയിൽ റിപ്പോർട്ടിംഗ് നടത്തുന്നു.<br>റിപ്പോർട്ടിംഗ്<br>-ക്രോഡീകരണം<br>(2 മിനിറ്റ്) | ഓരോ ഗ്രൂപ്പിനും നൽകുന്നതിന് വേണ്ടിയുള്ള കേസ് സ്റ്റഡി (4 എണ്ണം), ചാർട്ട് പേപ്പർ, പേന<br>സ്ലൈഡ്-7 |
| 7. | ക്രിമിനൽ കുറ്റങ്ങൾക്കെതിരെയുള്ള നിയമങ്ങൾ-ഇന്ത്യൻ ശിക്ഷാ നിയമം 1860, കേരള പോലീസ് നിയമം, 2011 ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, 2005, സ്ത്രീധനനിരോധന നിയമം 1961, ഗർഭഛിദ്രം നിയമം 1971, സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ നിരോധന നിയമം 1986.<br>മറ്റുനിയമങ്ങൾ | 6 | സ്ലൈഡ് വായന | സ്ലൈഡ്-8-13 |

| | | | | |
|---|---|---|---|---|
| 8. | **വ്യക്തിനിയമങ്ങൾ**<br>വിവാഹനിയമങ്ങൾ<br>ജീവനാംശനിയമങ്ങൾ<br>പിന്തുടർച്ചവകാശനിയമങ്ങൾ | 3 | സ്ലൈഡ് വായന | സ്ലൈഡ്-14-16 |
| 9. | തൊഴിൽ നിയമങ്ങൾ<br>1) തുല്യവേതന നിയമം, 1976,<br>2) പ്രസവാനുകൂല്യനിയമം1961, 2017 ലെ ഭേദഗതികൾ<br>3) ഫാക്ടറി നിയമം 1948<br>4) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം 1948 (E.S.I Act)<br>5) മൈൻസ് നിയമം 1952 | 2 | പങ്കാളിത്ത അവതരണം | സ്ലൈഡ്-17 |
| 10. | കുട്ടികളുടെ അവകാശസംരക്ഷണവ്യവസ്ഥകൾ.<br>ഐക്യരാഷ്ട്രസഭ- കുട്ടികളുടെ അവകാശ ഉടമ്പടി, 1989 | 2 | പങ്കാളിത്ത അവതരണം | സ്ലൈഡ്-18 |
| 11. | ഭരണഘടനാവ്യവസ്ഥകൾ | 2 | സ്ലൈഡ് വായന ചർച്ച | സ്ലൈഡ്-19 |
| 12. | ദേശീയ ബാലവകാശ കമ്മീഷൻ നിയമം, 2006<br>ബാലവകാശ കമ്മീഷൻ രൂപീകരണം 2007<br>സംസ്ഥാന ബാലവകാശ കമ്മീഷൻ രൂപീകരണം, 2013 | 2 | പങ്കാളിത്ത അവതരണം ചർച്ച | സ്ലൈഡ്-20 |
| 13. | കുട്ടികളുടെ അവകാശസംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ<br>ക്രിമിനൽ കുറ്റങ്ങൾക്കെതിരെയുള്ള നിയമങ്ങൾ,ബാലനീതി നിയമം- 2015<br>തൊഴിൽ നിയമങ്ങൾ, ബാലവേല (പണയപ്പെടുത്തൽ) നിയമം 1933,<br>ഫാക്ടറീസ് നിയമം, 1948,<br>വിദ്യാഭ്യാസ അവകാശ നിയമം , 2009, മറ്റുനിയമങ്ങൾ | 5 | പങ്കാളിത്ത അവതരണം | സ്ലൈഡ്-21-23 |
| 14. | നിയമങ്ങൾ ധാരാളം, അതിക്രമങ്ങൾ ധാരാളം. എന്തുകൊണ്ട് ? | 5 | ചർച്ച,ക്രോഡീകരണം | സ്ലൈഡ്-24 |

# അവതരണക്കുറിപ്പ്

നിയമങ്ങളുടെ വിശദാംശങ്ങൾ പഠിപ്പിക്കാനുള്ളതല്ല ഈ സെഷൻ. പഠിതാക്കളിൽ പലർക്കും വ്യക്തിപരമായ പല പ്രശ്നങ്ങളും ഉണ്ടാകും. അവയെല്ലാം ഇതിൽപ്പറയുന്ന നിയമങ്ങളുമായി ബന്ധപ്പട്ടവയുമായിരിക്കും. അതിനാൽ ഈ സെഷൻ കൈകാര്യം ചെയ്യുചെയ്യുമ്പോൾ ഓരോ രുത്തരുടെയും വ്യക്തപരമായ പ്രശ്നങ്ങളുടെ പ്രശ്നപരിഹാരത്തിനായുള്ള ചർച്ചയാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിയമങ്ങൾ പരാമർശിക്കാനേ ഉദ്ദേശിച്ചിട്ടുള്ളു. അതിനാൽ സെഷൻ പ്ലാനിൽ സ്ലൈഡ് വായന എന്ന് പറഞ്ഞിട്ടുള്ളിടത്ത് പഠിതാക്കളെ കൊണ്ട് സ്ലൈഡ് വായിപ്പിക്കുക മാത്രമേ ചെയ്യേണ്ടതുള്ളു. വിശദീകരങ്ങൾ നൽകേണ്ടതില്ല. നിയമങ്ങളുടെ കാര്യത്തിൽ ഗാർഹിക പീഡനനിരോധന നിയമം, സ്ത്രീധന നിരോധന നിയമം എന്നിവയും, കുട്ടികളുടെ സംഗതികളിൽ POCSO നിയമവും മാത്രം അല്പം വിശദീകരിച്ചു കൊടുത്താൽ മതി. ഇതിൽ കൊടുത്തിട്ടുള്ള നിയമങ്ങളെക്കുറിച്ച് ധാരണയുള്ള വ്യക്തിയായിരിക്കണം ഈ സെഷൻ കൈകാര്യം ചെയ്യേണ്ടത്.

-----------------------------------

## സെഷൻ- 2 കേസ് സ്റ്റഡി - 1

ജോർജ്ജും ജമീലയും ഒരു നോട്ടറി മുമ്പാകെ വിവാഹക്കരാർ ഒപ്പിട്ട് വിവാഹബന്ധ ത്തിലേർപ്പെടുകയും ഒരുമിച്ച് താമസിക്കാൻ തുടങ്ങുകയും ചെയ്തു. എട്ട് വർഷം അവർ ഒരുമിച്ച് ജീവിക്കുകയും 2 കുട്ടികൾ ഉണ്ടാവുകയും ചെയ്തു. എന്നാൽ ഇപ്പോൾ ജോർജ്ജ് മറ്റൊരു സ്ത്രീയുമായി സ്നേഹത്തിലാവുകയും ആ സ്ത്രീയെ വിവാഹം കഴിക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ പേരിൽ ജോർജ്ജും ജമീലയും തമ്മിൽ എപ്പോഴും വഴക്കാണ്.

- ഏതെല്ലാം നിയമങ്ങൾ പ്രകാരം ജമീലക്ക് സംരക്ഷണം ലഭിക്കും?
- ജോർജിന്റെ പുതിയ വിവാഹശ്രമം തടയുവാൻ നിയമ വ്യവസ്ഥകളുണ്ടോ?
- ജമീലയെ സഹായിക്കാനായി ജാഗ്രതാസമിതിക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

## സെഷൻ- 2 കേസ് സ്റ്റഡി -2

കല വീട്ടമ്മയാണ്. രാജു രാവിലെ ജോലിയ്ക്ക് പോകും. ഒരു ദിവസം പൈപ്പിൽ വെള്ളം വരാതിരുന്നപ്പോൾ കല ഇത് രാജുവിനെ വിളിച്ച് പറഞ്ഞു. രാജു ഇത് പരി ശോധിക്കാനായി ഒരു പ്ലംബറിനെ വീട്ടിലേയ്ക്ക് അയച്ചു. അയാൾ വീട്ടിലെത്തി പൈപ്പ് പരിശോധിച്ച ശേഷം അകത്ത് കയറി കലയെ ക്രൂരമായി പീഢിപ്പിച്ചു. ബഹളം കേട്ട് അയൽവാസികൾ ഓടി വന്നു പ്ലംബറെ പിടികൂടി പോലിസിൽ ഏൽപ്പിച്ചു. കലയെ ആശുപത്രിയിലും എത്തിച്ചു. സുഖം പ്രാപിച്ച ശേഷം അവൾ അയാൾക്കെതിരെ പരാതി നൽകി. എല്ലാം അറിയുന്ന രാജു വിവാഹ മോചനം ആവശ്യപ്പെടുന്നു.

- ഈ കേസിൽ പരാതിക്കാരിക്ക് ഏതെല്ലാം നിയമങ്ങളുടെ സംരക്ഷണം ലഭിക്കും?
- പരാതിക്കാരിയുടെ രക്ഷ്ക്കായി ജാഗ്രതാസമിതിക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

## സെഷൻ- 2 കേസ് സ്റ്റഡി –3

ജലജ 16 വയസുള്ള പെൺകുട്ടിയാണ്. അവൾ 17 വയസുള്ള അശോകുമായി പ്രണയത്തിലായി. അവർ ഒളിച്ചോടിപ്പോകാനും വിവാഹം കഴിക്കാനും തീരുമാനിച്ചു. ജലജയുടെ മാതാവ് ജാഗ്രതാ സമിതിക്ക് പരാതി നൽകി.

- അവർ വിവാഹിതരായാൽ അത് നിയമപരമാണോ ?
- അവർ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിട്ടുങ്കിൽ എതെങ്കിലും നിയമപ്രകാരം ശിക്ഷാർഹമാണോ ?
- പോക്സോ നിയമപ്രകാരമുള്ള കഠിനശിക്ഷ അശോകിന് ലഭിക്കുമോ ?
- അശോകിന് 24 വയസായിരുന്നെങ്കിൽ ഇതേ തരത്തിലുള്ള ശിക്ഷയാണ് ലഭിക്കുക ?
- ഏതെല്ലാം നിയമപ്രകാരം പെൺകുട്ടിക്ക് സംരക്ഷണം ലഭിക്കും?
- ജാഗ്രതാസമിതിക്ക് ഈ പ്രശ്നത്തിൽ എന്ത് ചെയ്യാൻ കഴിയും?

## സെഷൻ- 2 കേസ് സ്റ്റഡി –4

വിനോദും (36 വയസ്സ്) ഭാര്യ സവിതയും (30 വയസ്സ്) മകൾ ശാലിനി (12 വയസ്സ്) മകൻ സുമേഷും (3 വയസ്സ്) ഒരുമിച്ച് താമസിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട്ടാണ് അവരുടെ വീട്. ഭർത്താവിന്റെ മദ്യപാനം മൂലം ഏറെ ദാരിദ്ര്യാവസ്ഥയിലാണ് ഈ കുടുംബം. മദ്യപാനിയായ വിനോദ് ഭാര്യയേയും മകളേയും സ്ഥിരമായി ഉപദ്രവിക്കുന്നയാളാണ്. മകളെ അയാൾ ലൈംഗികമായി പോലും മകളെ പീഡിപ്പിക്കുമോ എന്ന ഭയപ്പെട്ട് ആ അമ്മ അവളെ ഒരു ഇടനിലക്കാരൻ മുഖന വീട്ട് വേലക്കയച്ചു. അതിന് പ്രതിഫലമായി 25000 രൂപ ഇടനിലക്കാരനിൽ നിന്ന് ആ അമ്മ കൈപ്പറ്റുകയും ചെയ്തു. മകൾ ഇന്ന് ആലപ്പുഴ ജില്ലയിലെ ഒരു വീട്ടിൽ രാപ്പകൽ വീട്ടുവേല ചെയ്ത് നരകയാതന അനുഭവിക്കുന്നു.

- ഏതെല്ലാം നിയമങ്ങൾ പ്രകാരം സവിതക്കും ശാലിനിക്കും സംരക്ഷണം ലഭിക്കും? സഹായങ്ങൾ ലഭിക്കും?
- സവിത ശിക്ഷാർഹയാണോ? ആണെങ്കിൽ ഏതെല്ലാം നിയമങ്ങൾ പ്രകാരം?
- ജാഗ്രതാ സമിതിക്ക് ഈ പ്രശ്നത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയും?

# സെഷൻ–2

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ

21/04/2017 1

## സ്ത്രീകൾക്ക് വേണ്ടിയുള്ള സംരക്ഷണവ്യവസ്ഥകൾ

അന്താരാഷ്ട്രതലം

- CEDAW- UN ഉടമ്പടി 1979
  –1993 ൽ ഇന്ത്യ അംഗീകരിച്ചു
- നാലാമത് അന്താരാഷ്ട്ര വനിതാ സമ്മേളനം- ബയ്ജിംഗ് 1995
- UN-'ബയ്ജിംഗ് + 5' പ്രത്യേക സമ്മേളനം- ന്യൂയോർക്ക് 2000
- UN-'ബയ്ജിംഗ് + 20' പ്രത്യേക സമ്മേളനം- ന്യൂയോർക്ക് 2015

21/04/2017 2

## ദേശീയതലം

I. ഭരണഘടന വ്യവസ്ഥകൾ

- തുല്യതക്കുള്ള അവകാശം (അനു 14)
- വിവേചനരാഹിത്യം (അനു 15)
- സ്ത്രീകൾക്കും കുട്ടികൾക്കും വേ പ്രത്യേക നിയമങ്ങൾ ഉാക്കാൻ അധികാരം (അനു.15(3)
- സർക്കാർ ജോലിയിൽ അവസരസമത്വം (അനു 16)
- അഭിപ്രായ പ്രകടനം- സമ്മേളനം- സംഘടനം- സഞ്ചാരം, പാർപ്പിടം, തൊഴിൽ എന്നീ സ്വാതന്ത്ര്യങ്ങൾ (അനു 19)

21/04/2017 3

## ഭരണഘടന വ്യവസ്ഥകൾ(തുടർച്ച)

- വ്യക്തി സ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും (അനു.21)
- ചൂഷണത്തിനെതിരെയുള്ള അവകാശങ്ങൾ(അനു.23)
- ഭരണഘടന പരിഹാരങ്ങൾ (അനു.32)
- തുല്യ ജോലി-തുല്യ വേതനം -കഴിവിന് യോജിക്കാത്ത ജോലിക്ക് നിർബന്ധിക്കരുത് (അനു.39)
